# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 10**

---

## ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ(ഐയുസിഡിഎസ്) ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് കോഴ്സിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

മൂന്നു മാസത്തെ കോഴ്സ് നാട്ടിലും വിദേശത്തും ആശുപത്രികളിൽ ഡോക്ടർമാരെയും നേഴ്സുമാരെയും സഹായിക്കുന്ന അസിസ്റ്റന്റ് നഴ്സ് തസ്തികയിലും കെയർ ഹോമുകളിൽ കെയർ ഗിവറായും ജോലി ലഭിക്കുന്നതിന് ഉപകരിക്കുന്നതാണ്.

പ്രായപരിധിയില്ല. ഓഫ്ലൈൻ, ഓൺലൈൻ ക്ലാസുകളുണ്ടാകും. ഒരു മാസത്തെ ആശുപത്രി പരിശീലനവും പ്ലേസ്മെന്റ് സഹായവും ലഭിക്കും. കോഴ്സ് ജനുവരി 25ന് ആരംഭിക്കും. ഫോൺ -9946299968, 9744309884. ഇമെയിൽ- iucdsmgu@mgu.ac.in.

(പി.ആർ.ഒ/39/1200/2025)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി സുവോളജി (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

...........................

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി കമ്പ്യൂട്ടർ സയൻസ് (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്

മെയ് 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1201/2025)

## സമയപരിധി നീട്ടി

മൂന്നും നാലും സെമസ്റ്റർ എം.എഫ്.എ (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ജനുവരി 15 വരെയും ഫൈനോടുകൂടി ജനുവരി 16 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി 17 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1202/2025)

## പരീക്ഷക്ക് അപേക്ഷിക്കാം

ഒന്നു മുതൽ ഏഴു വരെ സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മനേജ്മെന്റ് (2016 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2013 മുതൽ 2015 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് –പഴയ സ്കീം) പരീക്ഷകൾക്ക് ഫൈൻ ഇല്ലാതെ ജനുവരി 29 വരെയും ഫൈനോടുകൂടി ജനുവരി 31 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി രണ്ടു വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1203/2025)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രം ഇൻ കമ്പ്യൂട്ടർ സയൻസ്–ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 15 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

മൂന്നാം സെമസ്റ്റർ എംഎസ്സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (സിഎസ്എസ്) (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 16ന് പത്തനംതിട്ട, സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1204/2025)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബിആർക്ക് (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 12 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

..............

മൂന്നാം സെമസ്റ്റർ ബി.ആർക്ക് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 11 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ**